നമ്പർ: 13/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം, 2022 ഫെബ്രുവരി മാസം 25-ാം തീയതി വെള്ളിയാഴ്ച കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ വച്ച് ചേരുവാൻ തീരുമാനിച്ച് നിങ്ങളെ ഏവരേയും നാം അറിയിച്ചിരുന്നുവല്ലോ. എന്നാൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകിയിരിക്കുന്ന നിയന്ത്രണങ്ങൾ മൂലം, നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾക്ക് ഒരുമിച്ച് സമ്മേളന നഗറിൽ കൂടുവാൻ സാധിക്കാത്ത സാഹചര്യമാണ് വന്നുചേർന്നിരിക്കുന്നത്. ആയതിനാൽ അസ്സോസിയേഷൻ യോഗം ഓൺലൈനായി ചേരുവാനുള്ള നടപടികളും, യോഗത്തിന്റെ പ്രധാന അജണ്ടയായ ഏഴ് മെത്രാപ്പോലീത്താ സ്ഥാനികളെ ഓൺലൈനായി തെരഞ്ഞെടുക്കുവാനുള്ള വോട്ടിംഗ് ക്രമീകരണങ്ങളും നാം ഏർപ്പെടുത്തുകയാണ്. ഓൺലൈൻ യോഗത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾക്കായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മറ്റിയെ നാം ഇതിനാൽ നിയമിച്ചിരിക്കുന്നു.

| | | |
|---|---|---|
| ചീഫ് റിട്ടേണിംഗ് ഓഫീസർ | : | ഡോ. സി. കെ. മാത്യു IAS (Retd.) |
| കോർ-കമ്മറ്റി അംഗങ്ങൾ | : | ഫാ. ഡോ. എം. ഒ. ജോൺ (വൈദിക ട്രസ്റ്റി),<br>അഡ്വ. ബിജു ഉമ്മൻ (അസ്സോസിയേഷൻ സെക്രട്ടറി),<br>ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്,<br>ഫാ. അനിഷ് കെ. സാം, ശ്രീ. റോണി വർഗീസ് ഏബ്രഹാം,<br>ശ്രീ. തോമസ് ജോർജ്, ശ്രീ. അജു ഏബ്രഹാം മാത്യു,<br>ശ്രീ. അലക്സ് എം. കുര്യാക്കോസ് |
| പ്രത്യേക ക്ഷണിതാവ് | : | ഫാ. അലക്സാണ്ടർ ജെ. കുര്യൻ |
| ടെക്നിക്കൽ അസിസ്റ്റൻസ് | : | ഫാ. മാത്യു കോശി & ഡോ. വിപിൻ കെ. വറുഗീസ് |

ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ എല്ലാ മെത്രാസന കേന്ദ്രങ്ങളുമായും ബന്ധപ്പെട്ട് അസ്സോസിയേഷൻ പ്രതിനിധികളുടെ മൊബൈൽ നമ്പറും, ഇ-മെയിൽ ഐ ഡി-യും ശേഖരിച്ച്, അവ പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. എല്ലാ മെത്രാസനങ്ങളും ഇതുമായി സർവ്വാത്മനാ സഹകരിക്കണമെന്ന് നാം അറിയിക്കുന്നു. അസ്സോസിയേഷൻ യോഗ നടത്തിപ്പും, വോട്ടിംഗ് സംബന്ധിച്ചുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. അസ്സോസിയേഷൻ യോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി നിങ്ങളേവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ജനുവരി മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.